## പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 156** — **27.02.2017-ൽ മറുപടിക്ക്**

### കൊച്ചി മറൈൻ എൻജിനീയറിങ് കോളേജിലെ റാഗിംഗ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. രാജഗോപാലൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) റാഗിംഗിന്റെ പേരിൽ ക്രൂര പീഡനത്തിന് വിധേയനാകേണ്ടി വന്ന കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ മറൈൻ എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥിയും തൃക്കരിപ്പൂർ സ്വദേശിയുമായ ശ്രീ ആശിഷ് തമ്പാൻ, സീനിയർ വിദ്യാർത്ഥികളുടെ ആക്രമണം നിമിത്തം വിഷം കഴിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചതുമായി ബന്ധപ്പെട്ട് കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരം ലഭ്യമാക്കുമോ; | (എ) ഉണ്ട്. ഇത് സംബന്ധിച്ച് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ മറൈൻ എൻജിനീയറിംഗ് കോളേജിലെ മൂന്നാം സെമസ്റ്റർ ബി-ടെക് മറൈൻ എൻജിനീയറിംഗ് വിദ്യാർത്ഥികളായ 1) കാസർഗോഡ് സ്വദേശി ജനാർദ്ദനൻ മകൻ ജിബിൻ, 2) ഏലൂർ സ്വദേശി വേണു മകൻ വിഷ്ണു, 3) മലപ്പുറം സ്വദേശി വിശ്വനാഥൻ മകൻ വൈശാഖ് എന്നിവരെ പ്രതികളാക്കി കളമശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1878/2016 u/s 4 of Kerala Prohibition of Ragging Act and 341, 323, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കി പ്രതികൾക്കെതിരായി കുറ്റപത്രം തയ്യാറാക്കി ബഹു.കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) മറൈൻ എൻജിനീയറിങ് കേളേജിൽ റാഗിംഗ് നിർത്തലാക്കാൻ അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ബി) റാഗിംഗ് വിരുദ്ധനടപടികൾ ഊർജ്ജിതപ്പെടുത്താനുള്ള നടപടികൾ കോളേജ് അധികൃതർ സ്വീകരിച്ചുവരുന്നു. ഹോസ്റ്റലുകളിലും കാമ്പസ്സിലും ആദ്യവർഷ വിദ്യാർത്ഥികൾക്ക് സുരക്ഷിതത്വബോധം ഉണ്ടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ